**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **14-10-2024 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകൾ വഴി ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ത്രിതല പഞ്ചായത്തുകൾ വഴി ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ ഖനനം നടത്തിയിരുന്നത് 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും, 2002 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ ചട്ടങ്ങൾ പ്രകാരവുമായിരുന്നു. ടി നിയമ പ്രകാരം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രൂപീകരിച്ചിട്ടുള്ള കടവ് കമ്മിറ്റിയുടെ മേൽ നോട്ടത്തിലാണ് മണൽ വാരലും വിൽപ്പനയും നടത്തിക്കൊണ്ടിരുന്നത്. എന്നാൽ സുസ്ഥിരമായ മണൽ ഖനനം സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം Sustainable Sand Mining Management Guideline 2016 ഉം Enforcement and Monitoring Guidelines for Sand Mining 2020 പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മണൽ ഖനനത്തിന് മുൻകൂർ പാരിസ്ഥിതികാനുമതിയും NABET അംഗീകൃത ഏജൻസി അല്ലെങ്കിൽ Quality Council of India തുടങ്ങിയ പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ സർവ്വേ റിപ്പോർട്ടും(DSR) നിർബന്ധമാണ്. ഇപ്രകാരം തയ്യാറാക്കിയ ജില്ലാ സർവ്വേ റിപ്പോർട്ടിന് പാരിസ്ഥിതികാനുമതി ലഭിച്ചതിന് ശേഷമേ നദികളിൽ നിന്നും ഖനനത്തിനുള്ള അനുമതി ലഭിക്കുകയുള്ളൂ. DSR ന്റെ അടിസ്ഥാനത്തിൽ മൈനിംഗ് പ്ലാനിന്റെ തയ്യാറാക്കൽ ഉൾപ്പെടെയുള്ള മണൽ ഖനനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നത് റവന്യൂ വകുപ്പാണ്. |
| (ബി) | മണൽ കൂടുതൽ എത്തുന്ന പ്രദേശങ്ങളിൽനിന്നും നിരന്തരം മണൽനീക്കം ചെയ്യുന്നതിന് സംവിധാനം | (ബി) | മണൽ ഖനനത്തിന് മുൻകൂർ പാരിസ്ഥിതികാനുമതിയും NABET അംഗീകൃത ഏജൻസി അല്ലെങ്കിൽ Quality |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | Council of India തുടങ്ങിയ പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ സർവ്വേ റിപ്പോർട്ടും നിർബന്ധമാണ്. ഇതനുസരിച്ചുള്ള നിയമാനുസൃത ഖനനാനുമതി ലഭിച്ചാൽ ആയതിന് വിധേയമായി മണൽ കൂടുതൽ എത്തുന്ന പ്രദേശങ്ങളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ